# ചില്ലറ ക്ഷാമം:

## സാധാരണക്കാരന് ഒരു ദുരിതം കൂടി

സാധാരണക്കാരൻെറ ജീവിതത്തെ ദുരിതമയമാക്കുന്ന പ്രശ്നങ്ങളിലേക്ക് ഒന്നു കൂടി കയറിവന്നിരിക്കുന്നു - ചില്ലറക്ഷാമം. അഞ്ചിൻേറയും അതിൽ താഴെയും മൂല്യമുള്ള കറൻസിനോട്ടുകൾ ദുർലഭമായിക്കൊണ്ടിരിക്കുന്നു. പ്രചാരത്തിലുള്ളവയാകട്ടെ കീറിയും പൊടിഞ്ഞും ഒട്ടിച്ചും വികൃതമായ, യഥാർത്ഥനോട്ടുകളുടെ ജീർണ ശരീരങ്ങൾ മാത്രം.

ചില്ലറ നോട്ടുകളുടെ ക്ഷാമം സാധാരണക്കാരനെ കാര്യമായി ബാധിക്കുന്നുണ്ട്. ഏതാണ്ട് രണ്ട് വർഷം മുൻപ് ആരംഭിച്ച ഈ ചില്ലറക്ഷാമം ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കയാണ്.

ചില്ലറക്ഷാമം രണ്ട് രീതിയിൽ ബാധിക്കുന്നു.

ഒന്ന് - ചെറിയ ചില്ലറകൾ ബാക്കിയായി ലഭിക്കേണ്ട അവസരങ്ങളിൽ അത് വേണ്ടെന്നു വെക്കേണ്ടിവരുന്നു. ഉദാഹരണത്തിന് ബസ് യാത്രയിലും മറ്റും.

രണ്ട് - പച്ചക്കറി, പലചരക്ക്, സ്റ്റേഷനറി കടകളിലൊക്കെ വേണ്ടാത്ത സാധനങ്ങളോ ആവശ്യത്തിനു കൂടുതൽ സാധനങ്ങളോ വാങ്ങേണ്ടിവരുന്നു.

ഉദാഹരണത്തിന്, എട്ടര രൂപക്ക് ഒരു കടയിൽ നിന്ന് എന്തെങ്കിലും വാങ്ങി 10 രൂപ കൊടുത്താൽ, അവിടെ ചില്ലറ തരാനില്ലാത്തതുകാരണം ബാക്കി ഒന്നര രൂപക്ക് എന്തെങ്കിലും മിഠായിയോ ചോക്കലേറ്റോ വാങ്ങേണ്ടിവരുന്നു.

അല്ലെങ്കിൽ കിലോക്ക് 15 രൂപയുള്ള പയറ് അര കിലോ ചോദിച്ചാൽ കടക്കാരൻ പറയുന്നു - 'ചില്ലറയുണ്ടോ? അല്ലെങ്കിൽ 10 രൂപക്ക് തികച്ചെടുക്കാം'. നമുക്കത് സമ്മതിക്കേണ്ടിവരുന്നു. അല്ലെങ്കിൽ ബാക്കി രണ്ടര രൂപക്ക് ചെറുനാരങ്ങയോ, പച്ചമുളകോ എടുക്കാൻ പറയേണ്ടിവരുന്നു. പണം നഷ്ടപ്പെട്ടു എന്നു പറയാനാവില്ലെങ്കിലും അധികച്ചെലവു വന്നു എന്നു വ്യക്തം. ഓരോ തവണയും കണ്ണിൽപെടാത്ത തോതിൽ സംഭവിക്കുന്ന ഈ നഷ്ടങ്ങൾ ഒരുമിച്ച് കണക്കുകൂട്ടുമ്പോൾ ഓരോ മാസവും 50 രൂപ മുതൽ നൂറുരൂപവരെ ഒരു സാധരണ കുടുംബത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.

ചില്ലറ ക്ഷാമം രൂക്ഷമായതോടെ, അൽപം ഭേദപ്പെട്ട ഒരു അഞ്ചുരൂപനോട്ടോ രണ്ടുരൂപാ നോട്ടോ കയ്യിൽ വന്നാൽ, അത് ചിലവാകാതെ സൂക്ഷിക്കുന്ന ഒരു പ്രവണതയും വ്യാപകമായിട്ടുണ്ട്. അതുപോലെ അഞ്ചുരൂപാ നാണയങ്ങൾ കൈയിൽ വന്നാലുടനെ അതെടുത്തു മാറ്റി സൂക്ഷിക്കുക എന്നത് ചെറുകിട വ്യാപാരികളും ഗൃഹസ്ഥൻമാരും ഒരു സ്വഭാവമാക്കിയിട്ടുണ്ട്. ക്ഷാമത്തിനിടെ ഈ പിടിച്ചുവെയ്ക്കൽ കൂടിയാവുമ്പോൾ ചില്ലറക്ഷാമം കൂടുതൽ രൂക്ഷമായ മാനങ്ങളിലേക്കു കടക്കുകയാണ്.

ബസ്സുകളിൽ കണ്ടക്ടറും യാത്രക്കാരും തമ്മിലുള്ള ചില്ലറശണ്ഠകൾ വ്യാപകമാവുന്നു. പലപ്പോഴും അടികലശലാവുംവരെ കാര്യങ്ങൾ നീളുന്നു. ഒരു സോഡാ ചോദിച്ചാൽ 'ചില്ലറയുണ്ടോ ചേട്ടാ' എന്ന ചോദിച്ചുറപ്പാക്കിയേ തൊണ്ട നനയ്ക്കാൻ വെള്ളം തരൂ എന്നായിരിക്കുന്നു.

ഇതിനു പരിഹാരം കാണേണ്ട സർക്കാരും റിസർവ്വ് ബാങ്കധികാരികളുമാകട്ടെ, മെല്ലെപ്പോക്കു തുടരുകയാണ്. അതായത്, ചുരുങ്ങിയത് ഒന്നുരണ്ടു വർഷംകൂടി ജനങ്ങൾ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരുമെന്നർത്ഥം.

**എസ്.കെ. ഉമ്മർ**

## ജനപ്രതിനിധികളിലെ വനിതാ സാന്നിദ്ധ്യം

മൊത്തം ജനപ്രതിനിധികളുടെ എണ്ണത്തിൽ വനിതകൾക്കുള്ള പ്രാതിനിധ്യത്തിൻെറ ശതമാനം നോക്കിയാൽ ഇന്ത്യക്ക് 68-ാം സ്ഥാനമേയുള്ളൂവെന്ന് ജനീവയിലെ ഇൻറർ പാർലിമെൻററി യൂണിയൻ തയ്യാറാക്കിയ സ്ഥിതിവിവരണകണക്കുകൾ ചൂണ്ടിക്കാണിക്കുന്നു.

ഇന്ത്യൻ ലോകസഭയിലെ 543 അംഗങ്ങളിൽ 49 വനിതകളേയുള്ളൂ. അതായത് 13.4 ശതമാനം മാത്രം. സ്വീഡനിൽ ഇത് 42.7 ശതമാനമുണ്ട്. എന്നാൽ അറുപതോളം രാജ്യങ്ങളിൽ ഒറ്റ വനിതാ ജനപ്രതിനിധിപോലുമില്ല എന്നും കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു.